**Week 4**

## Weekly Devotion - September 2016

## What is really worthy ? (വിലപ്പെട്ടതെന്ത് ?)




ഒരിക്കൽ ഒരു പട്ടാള മേധാവി തന്റെ സൈനീകരോടൊപ്പം കഴിച്ചു കൂട്ടിയ സമയം അവരെ പ്രോത്സാഹിപ്പിക്കുവാനായി ഒരു പട്ടാളക്കാരനോട് തിരക്കി " താങ്കളുടെ വിലപ്പെട്ട സമ്പാദ്യം എന്താണെന്ന്"?. തന്റെ തോക്ക് കാണിച്ചിട്ട് അതാണ് തന്റെ വിലപ്പെട്ട സമ്പാദ്യം എന്ന് ആ പട്ടാളക്കാരൻ പറഞ്ഞു. സഹോദരാ തെറ്റി ഈ തോക്ക് നിന്റെ ജീവനെ സംരക്ഷിക്കും എന്നേയുള്ളു, എന്നാൽ നിന്റെ ജീവനാണ് ഏറ്റവും വലുതായിട്ടുള്ളത്. നമ്മുടെ ജീവനെ വിലയുള്ളതാക്കുന്നത് നമ്മിൽ എന്തുണ്ട് എന്നതിനെ ആശ്രയിച്ചാണ് ദൈവം നമ്മിലേക്ക് പകർന്ന് തരുന്ന ദൈവത്തിന്റെ അംശമായ ആത്മാവാണ് നമ്മെ വിലയുള്ളവരാക്കുന്നത്. നമ്മുടെ കയ്യിലുള്ള പണമോ, ഡിഗ്രിയോ ഒന്നുമല്ല നമ്മെ വിലയുള്ളതാക്കുന്നത് ദൈവത്തിന്റെ പരിശുദ്ധാത്മാവാണെന്ന് മനസ്സിലാക്കി എന്നേക്കും നമ്മെ ഉപദേശിച്ചു നടത്തുവാൻ ആ സാന്നിദ്ധ്യം നാം ആഗ്രഹിക്കണം.

പരുശുദ്ധാത്മാവിനെ പ്രാപ്യമാക്കണം എന്ന ഒരു ലക്ഷ്യബോധം അഥവാ ദർശനം നമുക്ക് ഉണ്ടാക്കണം. ഏത് പ്രായത്തിലും ദർശനം നമ്മെ തേടി എത്തും. പതിനേഴാം വയസ്സിൽ യോസഫിനു ദർശനം ലഭിച്ചപ്പോൾ, മോശയ്ക്ക് എൺപതാം വയസ്സിലാണ് ലഭിച്ചത്. ദൈവം തന്റെ ദൗത്യത്തിനായി തിരഞ്ഞെടുക്കുന്നവന് പ്രായമോ. പൊക്കമോ, സൗന്ദര്യമോ വിഷയമല്ല. ദർശനം ഏറ്റെടുക്കുവാനുള്ള മനസ്സും, വിശ്വാസവും, ലഭിക്കും വരെ കാത്തിരിപ്പാനുള്ള മനസ്സും മാത്രം മതി. യഹോവ മനുഷ്യന്റെ ഹൃദയത്തെയാണ് നോക്കുന്നത്.

ഇന്നത്തെ യുവജനങ്ങൾക്ക് ഭാവിയെപ്പറ്റി പല കാഴ്ചപ്പാടുകളും ഉണ്ട്. ഭൗമീക നന്മകളെ സ്വപ്നം കാണുകയും ചെയ്യുന്നു. അത് നല്ലത് തന്നെ എന്നാൽ ജീവിതത്തിലെ വിലപ്പെട്ടത് എന്ന് കരുതി എന്തു നേടിയാലും, പരിശുദ്ധാത്മാവിനെ നഷ്ടമാക്കിയാൽ ജീവിതം വ്യർത്ഥമായിത്തീരുന്നു. നിങ്ങളുടെ കാഴ്ചപ്പാടുകൾ ദൈവീകമാകുവാൻ യോസഫ് എന്ന പതിനേഴുകാരനെ തന്നെ ശ്രദ്ധിക്കാം. തന്റെ കറ്റയെ, സഹോദരന്മാരുടെ കറ്റകൾ ചുറ്റും നിന്ന് നമസ്കരിക്കുന്നതും, സൂര്യചന്ദ്രന്മാരും പതിനൊന്ന് നക്ഷത്രങ്ങളും തന്നെ നമസ്ക്കരിക്കുന്നതായുമുള്ള

ഒരു സ്വപ്നം അവൻ കണ്ടു. ദൈവത്തോടൊപ്പം ദർശനതാഴ്വരയിൽ സമയം ചിലവഴിക്കുന്ന വർക്കേ അതിനുള്ള ഭാഗ്യം ഉണ്ടാകുകയുള്ളൂ. ഈ യുവാവിന് രണ്ട് കാര്യങ്ങൾ ലഭിച്ചിരുന്നു. (1). അപ്പന്റെ സ്നേഹം. (2). അവനൊരു സ്വപ്നം ഉണ്ട്. "അവൻ ഉറവകളെ താഴ്വരയിലേക്ക് ഒഴുക്കുന്നു". അത് അപ്പനെ സ്നേഹിച്ച് താഴ്വരയിലേക്ക് എത്തുന്നവർക്ക് മാത്രം ഉള്ളതാണ്. ദൈവത്തോടൊപ്പം താഴ്വരയിൽ സമയം ചിലവഴിക്കുന്നുണ്ടോ, സ്വയം വിചിന്തനം ചെയ്യുക.
സ്വപ്നം ഉള്ളവനെ ദൈവാത്മാവ് കൂടെയിരുന്നനുഗ്രഹിക്കും. എന്നാൽ ശത്രു, ദർശന മുള്ളവനെ ഉപദ്രവിക്കും. യോസഫിന്റെ സ്വന്ത സഹോദരൻമാർ തന്നെയാണ് അപ്പൻ നൽകിയ അങ്കി ചോരയിൽ മുക്കി അവനെ ദുഷ്ടമൃഗം കൊന്നു എന്ന കള്ളക്കഥ പ്രചരിപ്പിച്ചത്. " മാനത്തോടിരിക്കുന്ന മനുഷ്യൻ വിവേകഹീനനായൽ നശിച്ചു പോകുന്ന മൃഗങ്ങൾക്ക് തുല്യന ത്രെ. ഈ ദുഷ്ടൻമാർ വിചാരിച്ചാൽ അവന്റെ സ്വപ്നത്തെ തകർക്കുവാൻ കഴിയുകയില്ല, കാരണം ഹബ: (2:2) ൽ പറയുന്നു " ദർശനം നടക്കും നിശ്ചയം " എന്ന്.

സ്വപ്നം സമാപ്തിയിലെത്തിക്കാണുവാൻ ഈ പതുനേഴു വയസ്സുകാരൻ പതിമൂന്ന് വർഷം കാത്തിരുന്നു. വിശ്വാസത്തോടെ കാത്തിരുന്നവന് ദൈവം അത് നൽകി. നിത്യതയാണ് നമ്മുടെ സ്വപ്നം. ആ യാത്ര മുടക്കുന്ന പലരും ഈ ലോകത്തിലുണ്ട്. കുഞ്ഞുങ്ങളുടെ പഠനകാ ലയളവിലും, ഔദ്യോഗിക കാലയളവിലും നിങ്ങളെ ദർശനത്തിൽ നിന്ന് വ്യതിചലിപ്പിക്കുന്നവരും ഉള്ളതാണെന്ന് മറക്കരുത്. ദർശനമുള്ളവരെ നശിപ്പിക്കുന്ന പ്രബലരായ ഹാമാന്മാർ ഇന്ന് ക്രൈസ്തവലോകത്ത് ധാരാളമുണ്ട്. എസ്ഥേറിനെപ്പോലെ ഭയമില്ലാതെ ഇവരെ നാം നേരി ടണം. എന്താണതിന് അവൾ നിർദ്ദേശിച്ച ഉപദേശം? " നിങ്ങൾ എനിക്കു വേണ്ടി ഉപവസിച്ച് പ്രാർത്ഥിക്കുക". വിലയേറിയ സമ്പത്തായ പരിശുദ്ധാത്മാവ് കൂടെയുണ്ട് എന്ന് വിശ്വാസിക്കു കയും ചെയ്യുക. ദർശനമില്ലാത്തവർ ജീവിത നന്മയെ നോക്കി സന്തോഷിക്കുമ്പോൾ, ദർശനമുള്ള വൻ, സകല മഹത്വവും ദൈവത്തിന് നൽകുന്നു. ഇങ്ങനെയുള്ളവരെ ദൈവം മാനിക്കുന്നതിന്റെ ഉദാഹരണമാണ് യോസഫും (ഉല്പ : 41: 42-43), മോർദ്ദേഖായിയും (എസ്ഥേർ 6: 6-11).

പ്രതികൂലങ്ങൾ ജീവിതത്തിൽ വരുമ്പോൾ ഭീതി നമ്മുടെ സ്വർഗ്ഗീയ ദർശനത്തെ നഷ്ടമാ ക്കും. എന്നാൽ സ്വർഗ്ഗം അത് മടക്കി നൽകും. (ഏലിയാവിന് മടക്കി ലഭിച്ചതുപോലെ. (1 രാജ: 19:14) നാം എങ്ങനെയുള്ളവർ? ഭയം മൂലം, നിരാശമൂലം ദർശനം നഷ്ടമാക്കിയവരോ? എങ്കിൽ വീണ്ടും പ്രാപിക്കുക. അത് നിങ്ങൾക്ക് ജീവിതത്തിന്റെ നാനാതുറകളിലും ഇന്ധനമായി ത്തീരുവാൻ ദൈവം കൃപ ചെയ്യട്ടെ.

## പ്രാർത്ഥന

ആത്മാവിനാധാരമായ സ്വർഗ്ഗീയ ദർശനം ഞങ്ങൾക്ക് തന്ന ദൈവമേ, നല്ല കാഴ്ചപ്പാടുള്ളവ നായി മര്യാദ നഷ്ടമാക്കാതെ ജീവിപ്പാൻ ഞങ്ങളെ നിന്റെ കൃപയാൽ നിറയ്ക്കേണമേ. പരിശുദ്ധാത്മാവിന്റെ ഉപദേശം സ്വീകരിച്ച് നല്ല വഴിയിൽ യാത്ര ചെയ്യുവാൻ സഹായിക്കേണമേ.

ആമേൻ

Santhamma Varghese
Website: www.biblestudy.co.in
Email: biblestudy.co.in@gmail.com
Facebook: https://www.facebook.com/biblestudyind